LIBRARY ARCHIVES Kerala Legislative Assembly

## കാരുണ്യ ചികിത്സാ സഹായ പദ്ധതി

**141 (147)** ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ അഞ്ച് വർഷത്തിൽ ഓരോ വർഷവും കാരുണ്യ ലോട്ടറി ടിക്കറ്റുകളുടെ വിറ്റുവരവ് എത്ര രൂപ വീതമാണ് ;

(ബി) ഓരോ വർഷവും വിറ്റുവരവിന്റെ എത്ര ശതമാനം തുക അച്ചടി, പരസ്യം ഏജൻസികമ്മീഷൻ തുടങ്ങിയ ഇനങ്ങളിലായി ചെലവാക്കുകയുണ്ടായി ; വിറ്റുവരവിന്റെ എത്ര ശതമാനം തുക കാരുണ്യ ചികിത്സാ സഹായമായി ഓരോ വർഷവും നൽകുകയുണ്ടായി ;

(സി) ലോട്ടറി ടിക്കറ്റ് വരുമാനം അല്ലാതെ സർക്കാർ ഖജനാവിൽ നിന്നും കാരുണ്യ ചികിത്സാ സഹായ പദ്ധതിക്ക് ഓരോ വർഷവും എത്ര തുക ചെലവഴിച്ചു ;

(ഡി) കാരുണ്യചികിത്സാ സഹായ പദ്ധതിപ്രകാരം നിലവിൽ കൊടുത്തു തീർക്കുവാൻ ബാക്കിയുള്ള തുക എത്ര ; ഇതിലേക്ക് ടിക്കറ്റ് വില്പനയിലൂടെ ലഭിച്ച എത്ര തുക ബാക്കി ഉണ്ട് ; വിശദമാക്കുമോ ;

(ഇ) ചികിത്സാ സഹായത്തിനുള്ള എത്ര അപേക്ഷകൾ നിലവിൽ ഉണ്ട് ; വിശദമാക്കുമോ ?

ഉത്തരം

(എ) കാരുണ്യ, കാരുണ്യ പ്ലസ് എന്നീ ലോട്ടറികളുടെ വില്പനയിലൂടെ കഴിഞ്ഞ അഞ്ചു വർഷത്തിൽ ഓരോ വർഷവും ലഭിച്ച വിറ്റുവരവ് ചുവടെ ചേർക്കുന്നു :

| വർഷം | വിറ്റുവരവ് കാരുണ്യ (കോടി രൂപയിൽ) | വിറ്റുവരവ് കാരുണ്യ പ്ലസ് (കോടി രൂപയിൽ) |
|---|---|---|
| 2011-12 | 188.87 | ... |
| 2012-13 | 464.61 | ... |
| 2013-14 | 602.10 | .... |
| 2014-15 | 695.27 | 681.92 |
| 2015-16 | 490.14 (ഏപ്രിൽ മുതൽ നവംബർ 21 വരെ) | 493.28 (ഏപ്രിൽ മുതൽ നവംബർ 19 വരെ) |

(ബി) കാരുണ്യ ഭാഗ്യക്കുറിയുടെ അച്ചടിച്ചെലവിനത്തിൽ ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

| വർഷം | വിറ്റുവരവ് (കോടി രൂപയിൽ) | അച്ചടിച്ചെലവ് (കോടി രൂപയിൽ) | ശതമാനം |
|---|---|---|---|
| 2011-12 | 188.87 | 1.38 | 0.73 |
| 2012-13 | 464.61 | 3.66 | 0.79 |
| 2013-14 | 602.10 | 4.04 | 0.67 |
| 2014-15 | 695.27 | 4.90 | 0.70 |
| 2015-16 (ഒക്ടോബർ വരെ) | 441.45 | 2.99 | 0.67 |

കാരുണ്യ ഭാഗ്യക്കുറിയുടെ വരുമാനത്തിൽനിന്നു മാത്രമായി പരസ്യങ്ങൾക്ക് തുക വിനിയോഗിക്കുന്നില്ല. ബമ്പർ, പ്രതിവാര ഭാഗ്യക്കുറികൾ ഉൾപ്പെടെ എല്ലാ ഭാഗ്യക്കുറികളിൽനിന്നുമുള്ള വരുമാനത്തിൽനിന്നും പരമാവധി 3% തുക മാത്രമാണ് പരസ്യ ഇനത്തിൽ പൊതുവായി ചെലവഴിച്ചു വരുന്നത്. ഇത്തരത്തിൽ കാരുണ്യ ഭാഗ്യക്കുറി ആരംഭിച്ച 09/2011 മുതൽ കഴിഞ്ഞ അഞ്ച് വർഷക്കാലം പരസ്യങ്ങൾ നൽകിയ ഇനത്തിൽ ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

| സാമ്പത്തിക വർഷം | മൊത്ത വരുമാനം (കോടി രൂപയിൽ) | പരസ്യച്ചെലവ് (കോടി രൂപയിൽ) | ശതമാനം |
|---|---|---|---|
| 2011-12 (09/2011 മുതൽ 31-3-2012 വരെ) | 1287.22 | 15.88 | 1.23% |
| 2012-13 | 2778.80 | 40.69 | 1.46% |
| 2013-14 | 3793.84 | 40.82 | 1.07% |
| 2014-15 | 5445.84 | 31.53 | 0.57% |
| 2015-16 (31-10-2015 വരെ) | 3491.81 | 13.07 | 0.37% |

LIBRARY ARCHIVES Kerala Legislative Assembly

2014-15 സാമ്പത്തിക വർഷത്തിൽ പരസ്യച്ചെലവിലേയ്ക്കായി 2075-00-103-99-എസ്.എൽ.റ്റി-02 പ്രചരണ ചെലവുകൾ എന്ന പുതിയ ശീർഷകം അനുവദിച്ച് പ്രത്യേകം തുക വകയിരുത്തിവരുന്നുണ്ട്. ഭാഗ്യക്കുറി പരസ്യങ്ങൾക്ക് പൊതുവായി പരസ്യച്ചെലവിനത്തിൽ തുക അനുവദിച്ച് പരസ്യം നൽകി വരുന്നതിനാൽ ഒരു ഭാഗ്യക്കുറിക്ക് മാത്രമായി പരസ്യച്ചെലവും ശതമാനവും കണക്കാക്കുന്നത് പ്രയോഗികമല്ല. ഏജൻസി കമ്മീഷൻ ഇനത്തിൽ ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.* കാരുണ്യ, കാരുണ്യ പ്ലസ് എന്നീ ഭാഗ്യക്കുറികളുടെ അറ്റാദായമാണ് (മൊത്തം വിറ്റുവരവിൽനിന്നും സമ്മാന വിതരണം, ഡിസ്കൗണ്ട്, ടാക്സ്, ടിക്കറ്റ് അച്ചടി, വാറ്റ് എന്നീ ചെലവുകൾ കഴിച്ചുള്ള തുക) കാരുണ്യ ചികിത്സാ ധനസഹായ പദ്ധതിയിലേയ്ക്ക് മുതൽക്കൂട്ടാൻ തീരുമാനിച്ചിട്ടുള്ളത്. 21-11-2015 വരെ കാരുണ്യ, കാരുണ്യപ്ലസ് എന്നീ ഭാഗ്യക്കുറികളിൽ നിന്നായി ആകെ ലഭിച്ച അറ്റാദായം 730.88 കോടി രൂപയാണ്. കാരുണ്യ ചികിത്സാ പദ്ധതി ആരംഭിച്ച 2011 മുതൽ 2015 വരെ ഓരോ സാമ്പത്തിക വർഷവും ഗവൺമെന്റിൽ നിന്നും കാരുണ്യ ബനവലന്റ് ഫണ്ടിന്റെ 2075-00-103-95-കെ.ബി.എഫ്. എന്ന ശീർഷകത്തിൽ ബഡ്ജറ്റ് പ്രൊവിഷനായി അനുവദിച്ച തുകയാണ് കാരുണ്യ ബെനവലന്റ് ഫണ്ടിന് കൈമാറുന്നത്. ഇപ്രകാരം കൈമാറിയ തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

| വർഷം | വിറ്റുവരവ് (കോടി രൂപയിൽ) | കാരുണ്യ ബെനവലന്റ് ഫണ്ടിന് കൈമാറിയ തുക (കോടി രൂപയിൽ) | ശതമാനം |
|---|---|---|---|
| 2011-12 | 188.87 (കാരുണ്യ) | 15 | 7.94 |
| 2012-13 | 464.61 (കാരുണ്യ) | 100 | 21.52 |
| 2013-14 | 602.10 (കാരുണ്യ) | 210 | 34.88 |
| 2014-15 | 1377.19 (കാരുണ്യ, കാരുണ്യ പ്ലസ്) | 200 | 14.52 |
| 2015-16 | 983.42 (കാരുണ്യ, കാരുണ്യ പ്ലസ്) | 110 | 11.18 |

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) കാരുണ്യ, കാരുണ്യപ്ലസ് എന്നീ ലോട്ടറികളിൽനിന്നുള്ള അറ്റാദായമാണ് കാരുണ്യ ചികിത്സാസഹായ പദ്ധതിക്കായി വിനിയോഗിക്കപ്പെടുന്നത്. ഈ ഭാഗ്യക്കുറി ടിക്കറ്റുകളുടെ വിൽപ്പനയിലൂടെ പ്രതീക്ഷിക്കുന്ന അറ്റാദായത്തിന് അനുസൃതമായ തുക ബഡ്ജറ്റിൽ ' 2075-00-103-95- കാരുണ്യ ചികിത്സാ ധനസഹായ പദ്ധതിയിലേയ്ക്കുള്ള മുതൽക്കൂട്ടൽ' എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തുകയും ലഭ്യമാവുന്ന അറ്റാദായത്തിന് അനുസരിച്ച് കാരുണ്യ ബനവലന്റ് ഫണ്ടിന് കൈമാറുകയും ചെയ്യുന്നു. പ്രസ്തുത ശീർഷകത്തിൽ നിന്നല്ലാതെ മറ്റ ശീർഷകങ്ങളിൽ നിന്ന് ഒന്നുംതന്നെ കാരുണ്യ ചികിത്സാ ധനസഹായ പദ്ധതിക്ക് തുക ചെലവഴിക്കുന്നില്ല.

(ഡി) കാരുണ്യ ചികിത്സാ സഹായ പദ്ധതിപ്രകാരം നിലവിൽ 422.55 കോടി രൂപ കൊടുത്തുതീർക്കാനുണ്ട്.

കാരുണ്യ, കാര്യണ്യപ്ലസ് എന്നീ ഭാഗ്യക്കുറികളുടെ അറ്റാദായമാണ് കാരുണ്യ ചികിത്സാ ധനസഹായ പദ്ധതിയിലേയ്ക്ക് മുതൽക്കൂട്ടാൻ തീരുമാനിച്ചിട്ടുള്ളത്. 21-11-2015 വരെ കാരുണ്യ, കാരുണ്യ പ്ലസ് എന്നീ ഭാഗ്യക്കുറികളിൽ നിന്നായി ആകെ ലഭിച്ച അറ്റാദായം 730.88 കോടി രൂപയാണ്. കാരുണ്യ ചികിത്സാ പദ്ധതി ആരംഭിച്ച 2011 മുതൽ 2015 വരെ ഓരോ സാമ്പത്തിക വർഷവും സർക്കാരിൽ നിന്നും കാരുണ്യ ബനവലന്റ് ഫണ്ടിന്റെ 2075-00-103-95-കെ.ബി.എഫ് എന്ന ശീർഷകത്തിൽ ബഡ്ജറ്റ് പ്രൊവിഷനായി അനുവദിച്ച തുകയാണ് കാരുണ്യ ബനവലന്റ് ഫണ്ടിന് കൈമാറുന്നത്. 2011 മുതൽ 2015 വരെ ആകെ അനുവദിച്ച 775 കോടി രൂപയിൽ 635 കോടി രൂപ കാരുണ്യ ബനവലന്റ് ഫണ്ടിന് കൈമാറുകയും 140 കോടി രൂപ വകപ്പിൽ അവശേഷിക്കുകയും ചെയ്യുന്നുണ്ട്.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

| വർഷം | ബഡ്ജറ്റ് പ്രൊവിഷനായി ലഭിച്ച തുക (കോടി രൂപയിൽ) | കാരുണ്യ ബനവലന്റ് ഫണ്ടിന് കൈമാറിയ തുക(കോടി രൂപയിൽ) |
|---|---|---|
| (1) | (2) | (3) |
| 2011-12 | 15 | 15 |
| 2012-13 | 100 | 100 |
| 2013-14 | 210 | 210 |

LIBRARY ARCHIVES Kerala Legislative Assembly

| (1) | (2) | (3) |
|---|---|---|
| 2014-15 | 200 | 200 |
| 2015-16 (നവംബർ 2015 വരെ) | 250 | 110 |
| ആകെ | 775 | 635 |

(ഇ) ചികിത്സാ സഹായത്തിനുള്ള 35,277 അപേക്ഷകൾ നിലവിലുണ്ട്.

**കേരള ഫിനാൻഷ്യൽ കോർപ്പറേഷനിൽനിന്നും എടുത്ത ലോൺ**

**142 (148)** ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഇതുവരെ കേരള ഫിനാൻഷ്യൽ കോർപ്പറേഷനിൽനിന്നും ലോൺ ഇനത്തിൽ എത്ര കോടി രൂപ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിൽ 25 ലക്ഷമോ അതിന് മുകളിലോളുള്ള തുക വായ്പയായി അനുവദിക്കപ്പെട്ടവരുണ്ടോ; എങ്കിൽ അവരുടെ പേര് വിവരങ്ങൾ ലഭ്യമാക്കാമോ ;

(സി) പ്രസ്തുത കാലയളവിൽ വൺടൈം സെറ്റിൽമെന്റ് പ്രകാരം ലോണുകൾ അടച്ചു തീർത്തിട്ടുണ്ടോ ; ആരെല്ലാം എത്ര തുക വീതം അടച്ചിട്ടുണ്ട്; വിശദമാക്കാമോ ;

(ഡി) ലോൺ തുക തിരിച്ചടവിൽ വലിയതുക കുടിശ്ശിക വന്ന ഏതെങ്കിലും വ്യക്തികൾക്കോ സ്ഥാപനങ്ങൾക്കോ പ്രസ്തുത തുക ഇളവ് ചെയ്തു നൽകിക്കൊണ്ട് ഉത്തരവ് നൽകിയിട്ടുണ്ടോ; എങ്കിൽ ആർക്കെല്ലാം എത്ര തുക വീതമെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കേരള ഫിനാൻഷ്യൽ കോർപ്പറേഷനിൽനിന്നും ലോൺ ഇനത്തിൽ 3270.07 കോടി രൂപ വിവിധ സംരംഭങ്ങൾക്കായി അനുവദിച്ചിട്ടുണ്ട്.

(ബി) ഈ കാലയളവിൽ 25 ലക്ഷം രൂപയ്ക്ക് മുകളിൽ അനുവദിച്ച വായ്പയുടെ വിശദവിവരം അനുബന്ധം I ആയി ഇതോടൊപ്പം വയ്ക്കുന്നു.* ഈ ഇനത്തിൽ 2960.41 കോടി രൂപ വായ്പ അനുവദിച്ചിട്ടുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വൺടൈം സെറ്റിൽമെന്റ് പ്രകാരം അടച്ചുതീർത്ത വായ്പകളുടെ ജില്ലതിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധം II ആയി ഉള്ളടക്കം ചെയ്തിട്ടുണ്ട്.*

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly